കണ്ടെത്തണമെന്നും ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ ആയതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(ബി) ആലക്കോട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഘട്ടത്തിലെത്തിയെന്ന് അറിയിക്കാമോ?

ആലക്കോട് സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ആലക്കോട് പഞ്ചായത്തിൽ 10 സെന്റ് സ്ഥലം ട്രഷറി വകുപ്പിന് കൈമാറുന്നതിനുള്ള നടപടികളുടെ ഫയൽ (RC/146/2019) ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്. സ്ഥലം കൈമാറി ലഭിച്ച് ട്രഷറി നിർമ്മാണത്തിനായി ട്രഷറി വകുപ്പിന്റെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

വളാഞ്ചേരി, കോട്ടക്കൽ ട്രഷറികളുടെ നിർമ്മാണം

84(353) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി, കോട്ടക്കൽ ട്രഷറികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

വളാഞ്ചേരി, കോട്ടക്കൽ ട്രഷറികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഫയലുകളൊന്നുംതന്നെ ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല.

(ബി) ട്രഷറി നിർമ്മാണത്തിനുവേണ്ടി സ്ഥലം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ലഭ്യമായിട്ടില്ല

(സി) ഇത് സംബന്ധിച്ച് ട്രഷറി ഡയറക്ടർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

സബ് ട്രഷറി വളാഞ്ചേരി, നിലവിൽ പരിമിതമായ സൗകര്യങ്ങളോടുകൂടിയ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. വളാഞ്ചേരി സബ് ട്രഷറിക്ക് ഒരു പുതിയ കെട്ടിടം നിർമിക്കുന്നതിന് മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ കാട്ടിപ്പത്തിരിത്തി വില്ലേജിൽ സർവ്വേ നമ്പർ 137 /4 എ, 2 ബി- യിൽ ഉൾപ്പെട്ടതും ഗ്രാമ വികസന വകുപ്പിന്റെ കൈവശമുള്ളതും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്നതുമായ 10 സെന്റ് ഭൂമി ട്രഷറി വകുപ്പിന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിട്ടുനിൽക്കുന്നതിന് കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രമേയം പാസാക്കുകയും ആയത് മേൽനടപടികൾക്കായി അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ഓഫീസ് വഴി ഗ്രാമ വികസന കമ്മീഷണറേറ്റിലേക്ക് അയച്ചിട്ടുള്ളതുമാണ്. തുടർന്ന് ഗ്രാമ വികസന കമ്മീഷണറേറ്റിൽനിന്നും ഫണ്ടിന്റെ ലഭ്യത, വകുപ്പിന്റെ അനുമതി തുടങ്ങി കൂടുതൽ രേഖകൾ ആവശ്യപ്പെട്ടതിൻപ്രകാരം പ്രസ്തുത രേഖകൾ 10-1-2020-ന വളാഞ്ചേരി സബ് ട്രഷറി ഓഫിസർ കുറ്റിപ്പുറം ബ്ലോക്ക് ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് 19-2-2020-ൽ, മലപ്പുറം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ ആർ സി.3/1564/2019 നമ്പർ കത്ത് പ്രകാരം ഗ്രാമ വികസന കമ്മീഷണർക്ക് തുടർ നടപടികൾക്കായി അയച്ചുകൊടുത്തിട്ടുള്ളതാണ്. തുടർന്ന് പ്രസ്തുത പ്രൊപ്പോസൽ ഗ്രാമ വികസന കമ്മീഷണറേറ്റിൽനിന്നും സെക്രട്ടേറിയറ്റ് തദ്ദേശഭരണ ഓഫീസിലേക്ക് അയച്ചിട്ടുണ്ട്. ഈ പ്രൊപ്പാസൽ ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് വകുപ്പ് നിർമ്മാണ പ്രവൃത്തികളുമായി മുന്നോട്ടുപോകുന്നതാണ്. കോട്ടക്കൽ സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനായി വില്ലജ്, മുൻസിപ്പാലിറ്റി അധികൃതരെ സമീപിച്ചിരുന്നെങ്കിലും സ്ഥലം ലഭ്യമല്ലെന്ന് അറിയിച്ചിരുന്നു. പിന്നീട് സബ് രജിസ്റ്റർ ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഭൂമി ലഭ്യതയ്ക്ക് സാധ്യതയുണ്ടെന്നറിഞ്ഞ് ജില്ലാ രജിസ്ട്രാർക്ക് കത്ത് നൽകിയിരുന്നെങ്കിലും അനുകൂല മറുപടി ലഭിച്ചിട്ടില്ല. നിലവിലെ സാഹചര്യം കാണിച്ച് കോട്ടക്കൽ നഗരസഭാ സെക്രട്ടറിക്ക് 18-2-2020-ന കത്ത് നൽകുകയും നഗരസഭാ ചെയർമാനെ നേരിൽ കാണുകയും ചെയ്തെങ്കിലും ഭൂമി ലഭ്യമല്ലെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ അന്വേഷണത്തിൽ ഇവിടെനിന്നും സ്ഥലം ലഭിക്കാൻ സാധ്യത ഇല്ലെന്നറിയുന്നു. ആയതിനാൽ കോട്ടക്കൽ പ്രദേശത്ത് സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലമൊന്നും ലഭിച്ചിട്ടില്ലെന്ന് അറിയിക്കുന്നു.

തൃക്കരിപ്പൂരിൽ സബ് ട്രഷറി

85(354) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ തൃക്കരിപ്പൂരിൽ നേരത്തെ ഉണ്ടായിരുന്ന വൺമാൻ ട്രഷറി നിർത്തലാക്കി സബ് ട്രഷറി അനുവദിക്കുന്നതിന് തീരുമാനമുണ്ടാക്കിയിരുന്നുവെങ്കിലും നാളിതുവരെയായി സബ് ട്രഷറി അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

തൃക്കരിപ്പൂർ ഉൾപ്പെടെയുള്ള വൺമാൻ ട്രഷറികൾ നിർത്തലാക്കിയത് പ്രസ്തുത വൺമാൻ ട്രഷറികളെ സബ്ബ് ട്രഷറിയായി ഉയർത്തുന്നതിന്റെ ഭാഗമായിട്ടായിരുന്നില്ല.